**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 98** **05-12-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം കോർപറേഷൻ മേയറുടെ കത്തിൽ പ്രാഥമിക അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭ ആരോഗ്യ വിഭാഗത്തിലെ 295 ജീവനക്കാരുടെ നിയമനത്തിൽ പാർട്ടിയുടെ മുൻഗണനാ പട്ടിക ആവശ്യപ്പെട്ട് ഭരണകക്ഷിയുടെ ജില്ലാ സെക്രട്ടറിക്ക് കത്തെഴുതിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | മാധ്യമങ്ങളിൽ പ്രചരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് തിരുവനന്തപുരം നഗരസഭാ മേയർ മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയിൽ അന്വേഷണം നടത്തുന്നതിന് ക്രൈം ബ്രാഞ്ച് മേധാവിക്ക് നൽകി. തിരുവനന്തപുരം ക്രൈം ബ്രാഞ്ച് യൂണിറ്റ് ക്രൈം നം. 225/CB/TVM/D/2022 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് അന്വേഷണ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത വിഷയത്തിൽ എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയതെന്നും അന്വേഷണത്തിന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (ബി) | (എ)യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷയത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതെ ക്രൈം ബ്രാഞ്ച് നടത്തിയ പ്രാഥമിക അന്വേഷണം തെളിവ് നശിപ്പിക്കാൻ പ്രതികളെ സഹായിച്ചു എന്ന ആക്ഷേപം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (സി) | (എ)യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത എഫ്.എഫ്.ആർ. ൽ ഐ.ടി. നിയമത്തിന്റെ വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) | ഈ കേസ്സിന്റെ ഊർജ്ജിത അന്വേഷണം നടന്നു വരികയാണ്. ഐ.ടി നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ ചെയ്തതായി വെളിവായാൽ പ്രസ്തുത നിയമ പ്രകാരമുള്ള ബന്ധപ്പെട്ട വകുപ്പുകൾ കൂടിച്ചേർത്ത് അന്വേഷണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ